പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 267

26/02/2018 ൽ മറുപടിക്ക്

# നോൺ-ബീറ്റാലാക്റ്റം പ്ലാന്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.കെ.ഡി. പ്രസേനൻ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസിൽ (കെ.എസ്.ഡി.പി) പുതുതായി നോൺ ബീറ്റാലാക്റ്റം പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2017-18-ലെ സംസ്ഥാന ബഡ്ജറ്റിൽ തുക നീക്കി വെച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസിൽ (കെ.എസ്.ഡി.പി) പുതുതായി നോൺ ബീറ്റാലാക്റ്റം പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2017-18-ലെ സംസ്ഥാന ബഡ്ജറ്റിൽ 28.52 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. |
| ബി) അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയമായവർ ജീവിതകാലം മുഴുവനും കഴിക്കുന്നതിനുള്ള ഔഷധങ്ങൾ ഉത്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായെന്ന് അറിയിക്കാമോ; | ബി) നോൺ ബീറ്റാലാക്റ്റം പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്ക് വേണ്ട മരുന്നുകൾ ഉല്പാദിപ്പിക്കുന്നത്. ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. സിവിൽ വർക്കുകൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. മെഷിനറികൾക്കെല്ലാം ഓർഡർ നൽകിക്കഴിഞ്ഞു. ഉദ്ദേശം ഒരു മാസത്തിനുള്ളിൽ ഇവ ഇൻസ്റ്റാൾ ചെയ്യുന്നതുമാണ്. മറ്റ് അനുബന്ധ ഉപകരണങ്ങൾക്കെല്ലാം തന്നെ ഓർഡർ നൽകുകയും പണികൾ നടന്നുവരികയും ചെയ്യുന്നുണ്ട്. |

| | |
|---|---|
| സി) പ്രസ്തുത പ്ലാന്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉത്പാദനം ആരംഭിക്കുന്നതിന് എപ്പോൾ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | സി) 4 മാസത്തിനുള്ളിൽ ഉല്പാദനം നടത്തുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ